(സ്) ഏതെല്ലാം സമരങ്ങളിലാണ് മാരകമായ ഏറ്റമുട്ടലുകൾ ഉണ്ടായത്; മരിച്ചവരാരെല്ലാമാണ്;

(ഡി) നെടുമങ്ങാട് താലൂക്കിൽ പൊന്നാൻചുണ്ട് തൊഴിൽത്തർക്കത്തിൽ സംഭവിച്ച കൊലപാതകത്തെപ്പറ്റി വല്ല പരാതിയും ഗവണ്മെൻറിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി അതിന്മേൽ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ചോദ്യത്തിൽ പൊഴിൽ സമരം എന്ന പദം എന്തർത്ഥത്തിലാണ് ചോദ്യകർത്താവ് ഉപയോഗിച്ചിട്ടുള്ളതെന്ന് അറിയാതെ ഈ ചോദ്യത്തിന് ഉത്തരം പറയാൻ സാധ്യമല്ല.

(ബി) ഉത്തരം ഉദിക്കുന്നില്ല.

(സ്) ഉദിക്കുന്നില്ല.

(ഡി) നെടുമങ്ങാട് താലൂക്കിൽ പൊന്നാൻചുണ്ട് എസ്റ്റേറ്റിൽ നടന്ന കൊലപാതകത്തെപ്പറ്റി അന്വേഷണം നടത്തുന്നുണ്ട്.

ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ : ഈ കൊലപാതകത്തെ സംബന്ധിച്ച് വല്ല പരാതികളും ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മരിച്ച ആളിൽ താല്പര്യമുള്ള വരുടേയും, സമുദായത്തിൻറെയും പരാതി ലഭിച്ചിട്ടുണ്ട്.

ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ : മരിച്ച വിദ്യാധരനെ ആശുപത്രിയിലേയ്ക്ക് കൊണ്ടുവരുന്ന സമയം വഴിയിൽ വച്ച് മതവാളയുടെ ആൾക്കാർ തടസം വരുത്തിയതുമൂലമാണ് അയാളുടെ മരണത്തിന് ഇടയായതെന്ന് പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അത്തരത്തിലാണോ പരാതി കിട്ടിയിട്ടുള്ളതെന്ന് ഏതായാലും പറയാൻ നിവൃത്തിയില്ല. ഞാൻ ഇപ്പോൾ എക്സാക്റ്റായിട്ടുള്ള കാര്യങ്ങൾ അല്ലാതെ പറഞ്ഞാൽ അതു ഫയലിനുതന്നെ ദോഷം ഉണ്ടാകുന്നതാണ്.

പുതിയ വ്യവസായസ്ഥാപനങ്ങൾ.

*250. [2] ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തൊഴില്ലായ്മ പരിഹാരാർത്ഥം നമ്മുടെസ്റ്റേറ്റിൽ എത്ര പുതിയ വ്യവസായസ്ഥാപനങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നു; അവ ഏതെല്ലാം; എവിടെല്ലാമാണ് ആരംഭിക്കുവാനുദ്ദേശിക്കുന്നത്;

(ബി) നമ്മുടെ കപ്പയിൽനിന്ന് സ്റ്റാർച്ച്, സാഗോ തുടങ്ങിയവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഫാക്റ്ററി സ്ഥാപിക്കുന്നതിനും ഈ പദ്ധതിയിൽ വകകണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; എവിടെ സ്ഥാപിക്കാനുദ്ദേശിക്കുന്നു;

(സി) തിരുവിതാംകൂർ–കൊച്ചിയിൽ ഏറ്റവുമധികം മരച്ചീനി ഉൽപ്പാദിപ്പിക്കുന്ന നെടുമങ്ങാട് താലൂക്കിൽ ഇമ്മാതിരിയുള്ള ഒരു വ്യവസായം സ്ഥാപിക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തുടങ്ങാനുദ്ദേശിക്കുന്ന വ്യവസായങ്ങളുടെ ഒരു പട്ടിക മേശമേൽ വച്ചിട്ടുണ്ട്.* ഇവ എവിടെ സ്ഥാപിക്കണമെന്നതിനെപ്പറ്റിയുള്ള അവസാന തീരുമാനം ഗവണ്മെൻറ് എടുത്തിട്ടില്ല.

(ബി) ഉണ്ട്. പ്രൈവറ്റ് സെക്ടറിൽ നിലവിലിരിക്കുന്നതോ പുതുതായി ആരംഭിക്കുവാൻ പോകുന്നതോ ആയ സ്റ്റാർച്ച് ഫാക്ടറികൾക്ക് വേണ്ടിവന്നാൽ ധനപരമായ സഹായം നൽകി പ്രോത്സാഹിപ്പിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്.

(സി) ബി. വകുപ്പിനുള്ള ഉത്തരം കൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല. നെടുമങ്ങാട്താലൂക്കിൽ ഈ വിധത്തിലുള്ള ഒരു വ്യവസായം സ്ഥാപിക്കുന്നതു കാണുന്നതു് ഗവണ്മെൻറിനു സന്തോഷമാണു്.

ശ്രീ. പി. വി. അവിരാതരകൻ : എത്രപേക്ക്, ഈ വ്യവസായങ്ങൾ സ്ഥാപിക്കുന്നതുകൊണ്ട് തൊഴിൽ കൊടുക്കാൻ സാധിക്കുമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികൾ കൊണ്ട് 36 ലക്ഷം ജനങ്ങൾക്ക് തുടർച്ചയായി എംപ്ലോയ്മെൻറ് കൊടുക്കാം. അണ്ടർ എംപ്ലോയ്മെൻറായി 2.7 ലക്ഷം ഉണ്ടാകുമെന്നു വിചാരിക്കുന്നു.

ശ്രീ. പി. വി. അവിരാതരകൻ : ഇൻഡസ്ട്രീസിൽ മാത്രമാണോ ഇത്രയും പേക്ക് എംപ്ലോയ്മെൻറ് കൊടുക്കാൻ ഉദ്ദേശിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എല്ലാ പദ്ധതികളിലും കൂടിയാണു്.

ശ്രീ. പ്രാക്കുളം ഭാസി : രണ്ടാം പഞ്ചവത്സരപദ്ധതി അനുസരിച്ച് വ്യവസായമേഖല പബ്ലിക്ക് സെക്ടറിലെത്ര, പ്രൈവറ്റ് സെക്ടറിലെത്ര എന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ആ ലിസ്റ്റിൽതന്നെ പറഞ്ഞിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ഈ സ്റ്റേറിനകത്തു തുടങ്ങാൻ, പോകുന്ന സ്റ്റാർച്ച് വ്യവസായം പബ്ലിക്ക് സെക്ടറിലാണോ പ്രൈവറ്റ് സെക്ടറിലാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ സ്റ്റേറിനകത്തു തുടങ്ങുന്നതു് പ്രൈവറ്റ് സെക്ടറിലാണു്.

ശ്രീ. സി. ജി. സദാശിവൻ : തൊഴിലില്ലായ്മ ധാരാളം ബാധിച്ചിരിക്കുന്ന ചേർത്തല താലൂക്കിൽ എന്തെങ്കിലും പ്രത്യേക വ്യവസായങ്ങൾ ഗവണ്മെൻറിനു തുടങ്ങാൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ സ്ഥലത്തും വ്യവസായങ്ങൾ സ്ഥാപിച്ചു കാണാൻ ഗവണ്മെൻറിനു കൌതുകമുണ്ട്.

*Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ജി. സദാശിവൻ : ചേർത്തല താലൂക്കിൽ ഒരു ഗ്ലാസ്സ് ഫാക്ടറി സ്ഥാപിക്കാം എന്നു് ഗവണ്മെൻറ് പറഞ്ഞിരുന്നു. അതു സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗ്ലാസ്സ് ഫാക്ടറിയുടെ കാര്യം പറഞ്ഞു ക്ഷീണിച്ചല്ലേ?

ശ്രീ. സി. ജി. സദാശിവൻ: ഗ്ലാസ്സ് ഫാക്ടറി തുടങ്ങാമെന്നുപറഞ്ഞു ക്ഷീണിച്ചതു് ഗവണ്മെൻറാണു്. എതായാലും അവിടെ അതു സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗ്ലാസ്സ് ഫാക്ടറിയും പ്രൈവറ്റ സെക്ടറിൽ തുടങ്ങാനാണു് ഉദ്ദേശിക്കുന്നതു്. അങ്ങനെ പ്രൈവറ്റ സെക്ടറിൽ സ്ഥാപിക്കുന്ന വ്യവസായങ്ങൾക്കു് ഗവണ്മെൻറ് എല്ലാ വിധ സഹായങ്ങളും ചെയ്യും.

ശ്രീ. സി. ജി. സദാശിവൻ: രണ്ടാംപഞ്ചവത്സരപദ്ധതിയിൽ അതുകൊള്ളിച്ചിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു മുമ്പുതന്നെ അതു സ്ഥാപിച്ചു കണ്ടാൽക്കൊള്ളാം.

ശ്രീ. പ്രാക്കുളം ഭാസി : ഒഴയിൽ ഗ്ലാസ്സ് ഫാക്ടറിയിൽ ഷീറ്റ ഗ്ലാസ്സ് മാനുഫാക്ചർ ചെയ്യുന്ന ഒരു മെഷീൻ ഉള്ളതായറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുണ്ടെന്നറിയാം. അതും ഇതും തമ്മിലുള്ള ബന്ധം എന്താണെന്നു മനസ്സിലാകുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി : ഈ മെഷീൻ ഉപയോഗിച്ചുകൊള്ളുവാൻ അവർ അനുവാദം ചോദിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ നടത്താൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഗ്ലാസ്സ് ഫാക്ടറി പ്രൈവറ്റ സെക്ടറിലാണു നടത്താൻ പോകുന്നതെങ്കിൽ അതു് ഒഴയിൽ ഫാക്ടറി നേരിട്ടു നടത്തണം എന്നും, ഗവണ്മെൻറിൽനിന്നും വല്ല പ്രോത്സാഹനവും ആവശ്യമാണെന്നും ഈ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. പ്രാക്കുളം ഭാസി : ശ്രീ. ബർമ്മാ ഈ മെഷീൻ കിട്ടിയില്ലെങ്കിൽ ഒരു ഗ്ലാസ്സ് ഷീറ്റ ഫാക്ടറികമ്പനി ഇവിടെ നടത്താൻ സാധ്യമല്ലാ എന്നു് ഈ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ശരിയല്ല.

ശ്രീ. പ്രാക്കുളം ഭാസി : മറ്റ ഗവണ്മെൻറുകളുമായി ഈ കാര്യത്തെപ്പറ്റി ആലോചിക്കാൻ ഗവണ്മെൻറ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രൈവറ്റ സെക്ടറിൽ വ്യവസായങ്ങൾ തുടങ്ങുന്ന കാര്യം ഗവണ്മെൻറല്ല തീരുമാനിക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൈവറ്റ സെക്ടറിൽ തുടങ്ങുന്ന വ്യവസായങ്ങൾക്ക പ്രോത്സാഹനം കൊടുക്കുക എന്ന മാത്രമാണ് ഗവണ്മെൻറ ചെയ്യുന്നത്.

ശ്രീ. പ്രാക്കുളം ഭാസി : ഗ്ലാസ്സ് ഫാക്ടറി തുടങ്ങാൻ വേണ്ട നടപടിക്രമം ഈ ഗവണ്മെൻറ് എടുക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു തുടങ്ങേണ്ടതു പ്രൈവറ്റ സെക്ടറിലാണ്. അവരാണ ഇതു തുടങ്ങേണ്ടതു്.

ശ്രീ. പ്രാക്കുളം ഭാസി : ശ്രീ. ബർളാ ഒരു ഗ്ലാസ്സ് ഫാക്ടറി തുടങ്ങുന്നതിനെ സംബന്ധിച്ച് ഈ ഗവണ്മെൻറുമായി എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പലകാര്യങ്ങളെപ്പറ്റിയും എഴുത്തുകുത്തുകൾ നടത്തുന്നുണ്ട്. ഈ ഫാക്ടറി തുടങ്ങുന്നതു് പ്രൈവറ്റ സെക്ടറിലാണ്. അതേപ്പറ്റി തീരുമാനം എടുക്കേണ്ടതു പ്രൈവറ്റ സെക്ടറിലാണ്. അതു തുടങ്ങാൻ തീരുമാനിച്ചാൽ അതിനു പ്രോത്സാഹനം നൽകാൻ ഗവണ്മെൻറ തയാറാണ്.

ശ്രീ. പ്രാക്കുളം ഭാസി : സർ, ഒരു ഗ്ലാസ്സ് ഫാക്ടറി ഗവണ്മെൻറിൽനിന്നും ചേത്തലയിലേക്കു് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതിനു് ഒരു ഡെഫനിറ്റ് ആൻസറാണ വേണ്ടതു്. അല്ലാതെ ഇങ്ങനെ ഒഴിഞ്ഞുമാറിയുള്ള ആൻസറല്ല ഞങ്ങൾക്കാവശ്യം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രൈവറ്റ സെക്ടറിൽപ്പെട്ട ആളുകളാണ് ഗ്ലാസ്സ് ഫാക്ടറി തുടങ്ങുന്നതു്. അങ്ങനെ തുടങ്ങുന്ന പക്ഷം ഗവണ്മെൻറ് എല്ലാ പ്രോത്സാഹനങ്ങളും നൽകും.

ശ്രീ. പ്രാക്കുളം ഭാസി : ഗ്ലാസ്സ് ഫാക്ടറി അവിടെ തുടങ്ങിയില്ലെങ്കിൽ അതിനാവശ്യമായ റാമെറ്റീരിയൽസ് മറ്റാരിടത്തും കിട്ടുകയില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ അഭിപ്രായത്തെപ്പറ്റി എനിക്കു നിശ്ചയമില്ല.

ശ്രീ. പ്രാക്കുളം ഭാസി : ചേത്തലയിൽ അതിനാവശ്യമായ മണ്ണ് സുലഭമായി കിട്ടും. അതു് ഗ്ലാസ്സുണ്ടാക്കുന്നതിനു നല്ലതാണെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഗ്ലാസ്സുണ്ടാക്കുന്നതിനുള്ള മണ്ണാണെന്നറിയാം.

ശ്രീമതി കെ. ആർ. ഗൗരി : ഈ വ്യവസായങ്ങൾ തുടങ്ങുന്നതിനെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ കേന്ദ്രഗവണ്മെൻറ് തള്ളിക്കളഞ്ഞതായിട്ടല്ല നിർദ്ദേശവും ഈ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീമതി കെ. ആർ. ഗൗരി : ഈ നിർദ്ദേശങ്ങൾ കേന്ദ്രഗവണ്മെൻറ് തള്ളിക്കളഞ്ഞതായി അഷ്വറൻസു കമ്മിറ്റിക്കു് ഒരു നിർദ്ദേശം അയച്ചിട്ടില്ലെന്നാണോ പറയുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ചില വിഷമങ്ങൾ ഉണ്ടെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ വിഷമങ്ങൾ ഗണിക്കാൻ പാടില്ലാ എന്നു് ഈ ഗവണ്മെൻറ് കേന്ദ്രഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി : കേന്ദ്രഗവണ്മെൻറിൽനിന്നും വളരെ വ്യക്തമായിട്ടു ള നിർദ്ദേശങ്ങളല്ലേ കിട്ടിയിട്ടുള്ളതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നമ്മുടെ ഉപാർശകൾ കേന്ദ്രഗവണ്മെൽറിനു നിന്നും തള്ളിക്കളയുവുന്നതല്ല.

ശ്രീമതി കെ. ആർ. ഗൗരി : ചേത്തലയിൽ ഒരു ഗ്ലാസുഫാക്ടറി തുടങ്ങണമെന്നും അവിടെ അതിനാവശ്യമായ നല്ല മണ്ണു ലഭിക്കുമെന്നും ഗവണ്മെൻറിനു് ഇൻഡ്യാഗവണ്മെൻറിലേയ്ക്കു് ഒരു നിവേദനം നടത്തുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നടത്തുമെന്നു പറഞ്ഞല്ലോ.

ശ്രീമതി കെ. ആർ. ഗൗരി : ഏറ്റവും നല്ല ഗ്ലാസ്സു് അവിടെ ഉണ്ടാക്കാൻ കഴിവുള്ളപ്പോൾ അതു പുറത്തുനിന്നല്ലേ ഇറക്കുമതി ചെയ്യുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നിശ്ചയമില്ല.

ശ്രീ. ടി. ഒ. ബാവാ : ആലുവായിൽ ഇപ്പോഴുള്ള ഗ്ലാസ്സ് ഫാക്ടറി നിറുത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. ടി. ഒ. ബാവാ : പിന്നെ അതു പൊളിച്ചു കൊണ്ടുവരാമെന്നു് ശ്രീ. മൊസി ഇപ്പോൾ പറയുന്നതു കേട്ടു.

ശ്രീ. പ്രാക്കുളം മൊസി : ഗ്ലാസ്സ് ഫാക്ടറി തുടങ്ങുന്നതിനുള്ള നല്ല മണ്ണു് ചേത്തലയിൽ ഉള്ളതുകൊണ്ടു് ഇപ്പോൾ ഒരുലെ ഗ്ലാസ്സ് ഫാക്ടറിയിൽ ഉള്ള ഷീറ്റുഗ്ലാസ്സ് മാനുഫാക്ചറിംഗ് മെഷീൻ അവിടെനിന്നും ചേത്തലയിൽ കൊണ്ടുവന്നു സ്ഥാപിക്കണമെന്നാണു പറഞ്ഞതു്. അതു് ബഹുമാനപ്പെട്ട മെംബർക്കു മനസ്സിലായില്ലെന്നു തോന്നുന്നു.

Mr. Speaker : Order, order, I cann't allow such discussion.

ശ്രീമതി കെ. ആർ. ഗൗരി : കഴിയുന്നതും ഈ റാ മെറ്റീരിയൽസ് സുലഭമായി കിട്ടുന്നസ്ഥലങ്ങളിൽത്തന്നെ ഈ വ്യവസായങ്ങൾ തുടങ്ങുന്നതിനു് ഗവണ്മെൻറ് നിർബന്ധം ചെലുത്തുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെയാണു് ഗവണ്മെൻറിന്റെ ഉദ്ദേശം.

ശ്രീമതി കെ. ആർ. ഗൗരി : റാ മെറ്റീരിയൽസ് സുലഭമായി കിട്ടുന്ന സ്ഥലങ്ങളിൽനിന്നും വ്യവസായസ്ഥാപനങ്ങൾ വേറെ സ്ഥലങ്ങളിലേയ്ക്കു മാറ്റി സ്ഥാപിക്കുന്ന ഒരു നയം തുടരാതിരിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതാണു് ഗവണ്മെൻറിന്റെ ഉദ്ദേശമെന്നു പറഞ്ഞല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജാർജ്ജ് : പ്രൈവറ്റ സെക്ററിൽനിന്നും ഇതിലേയ്ക്ക് വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ സ്റ്റാർച്ചുഫാക്ടറിക്ക് എത്ര പണം ഗവണ്മെൻറ് നിക്ഷേപിച്ചിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതൊന്നു സ്ഥാപിച്ചു കണ്ടാൽക്കൊള്ളാമെന്നുണ്ട്. പക്ഷേ പണം ഒന്നും നിക്ഷേപിച്ചിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അതു പബ്ലിക്ക സെക്ടറിൽ എടുക്കണമെന്നു വിചാരിക്കുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പബ്ലിക്ക് സെക്ടറിൽ സ്റ്റാർച്ചു ഫാക്ടറി തുടങ്ങണമെന്നു ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി : നൽമില്ല് എവിടെയെങ്കിലും തുടങ്ങാൻ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ഉദ്ദേശമുണ്ട്. എവിടെയെന്നുള്ള തീരുമാനിച്ചിട്ടില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള : ലോഹവ്യവസായങ്ങൾ ഏതിടെയൊക്കെയാണ് തുടങ്ങാൻ നിശ്ചയിച്ചിട്ടുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ഇൻഡ്യാഗവണ്മെൻറാണു തീരുമാനിക്കുന്നതു്.

നാളികേരത്തിന്റെ വിലയിടിവു്.

* 251. [3] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് അഗ്രികൾച്ചർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിനുണ്ടായിരിക്കുന്ന വിലയിടിവു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളികേരത്തിന്റെ വിലയിടിവു് തടയുന്നതിനു ഗവണ്മെൻറ് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) നാളികേരത്തിനുണ്ടായ വിലയിടിവു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നാളികേരത്തിന്റെ വിലയിടിവു തടയുന്നതിനു് ഇൻഡ്യാഗവണ്മെൻറ വ്യവസായവകുപ്പുമന്ത്രിയെക്കണ്ടു് സംസാരിച്ചു് കാര്യം ധരിപ്പിച്ചിട്ടുണ്ടു്.

ശ്രീ. വി. ശ്രീധരൻ : കുടുക്കുടെയുണ്ടാകുന്ന വിലയിടിവിന്റെ കാരണം എന്താണെന്നു് ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ; അതിന്റെ ഫലം എന്തായി എന്നു് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to Question No.* * *250* (2) *and* (*unstarred*) *274* (*33*)].

Scheme.	*Physical target.*	*Amount Rs. in lakhs.*
DEPARTMENT—INDUSTRIES.		
A. New Industries.		
1. Establishment of Sheet Glass Factory.	Assistance to Private Sector by way of participation in share capital and loan; and starting industries in the Public Sector.	400
2. Glucose & Starch Factory.		
3. Manufacture of Ionone & other aromatics from lemon grass oil.		
4. Establishment of Synthetic Corundum Factory.		
5. Sand lime bricks Factory.		
6. Hard board Factory.		
7. Establishment of a Factory for the manufacture of Motor Tyres.		
8. Establishment of a Factory for the manufacture of steel poles.		
B. Expansion Schemes of the Private Sector.		
1. F. A. C. T.		
2. Travancore-Cochin Chemicals.		
3. Cochin Malleables.		
4. Travancore Cements		
5. West-Coast Fisheries.		
6. Setting up of a Sulphuric Acid Plant in the Titanium Products Ltd.		
C. Government owned concerns.		
1. Shark Liver Oil Factory.	25 gallons therapeutic Shark Liver Oil per day, conversion of 25 gallons per day to Vitamin A concentrates.	18·00
2. Ceramic Factory.	Increased production of China clay additional 1000 tons.	2·5

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I—(*contd.*)

	Scheme.	*Physical target.*	*Amount Rs. in lakhs.*
3.	Rubber Factory.	400 tons rubber goods 12,000 tyres 12,000 tubes and 6000 flaps. 1000 pairs of cycle rims per shift of 8 hours.	75
4.	Travancore Minerals.	2000 tons Rutile per annum	13·5
		Total	109·00
D.	**Handloom Development Scheme.**	7000 pedal looms, 120 sheds, 30 warping sizing plants, 30 dyeing equipments, 1 spinning mill (Co-operative), 50 Sales emporia.	272·50
E.	**Other schemes of the D. I. C.**		
1.	Occupational Institutes.	2	3·00
2.	Central Instrument workshop improvement.	1	5·00
3.	Sales emporium in New Delhi.	1	4·50
F.	**Coir Development Scheme.**	180 Primary Societies. 25 Thondu Societies. 1 Central Marketing Society.	106·45
		8 Societies for manufacture of coir mats & mattings. 2 Societies for rope manufacture 3 Training Centres.	
G.	INDUSTRIAL TRAINING CENTRES	3	35·00
H.	**Small Scale Industries.**		
1.	Small Scale Industrial Units.	* 60 industries.	300·00
2.	Import & manufacture of Small Industries machines.—		30·00
3.	Survey of Small Scale Industries.	—	1
4.	Model Sports Goods manufacturing Unit.	1	5·00

* For details see appendix attached.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I—(*contd.*)

Scheme.	*Physical target.*	*Amount Rs. in lakhs.*
5. Mobile Blacksmithy unit	1	1·14
6. Mobile Carpentry unit	1	0·83
7. Model Footwear unit	1	7·60
8. Model Blacksmithy unit	4	7·40
9. Model Carpentry unit	4	6·50
10. Chain Stores.	40 Stores	8·00
11. Exhibition & Sales emporia	4	16·00
12. Industrial Estates	1 small unit	15·00
Total of Small Scale Industries.		398·47

INDUSTRIES & COMMERCE.

I. Khadhi Development Scheme.

a. Khadi Weavers' Co-operative Societies.	48 per year.	27·00
b. Training.	2	62·58
c. Demonstration	..	0·58
d. Propaganda	..	1·70
e. Rehabilitation of Weavers' Families	..	5·00
f. Dyeing Houses	..	1·01
g. Establishment	..	2·06
Total of Khadi Development		99·93

J. Village Industries.

1. Rural Industrialisation aid to Co-operative Societies	300 Societies	33·00
2. Palm gur Development Scheme	25	12·24
3. Bee keeping	10,000/bee hives	4·00
4. Village Oil Industry	4 Centres	2·34
5. Soap Making	2 Centres	0·84
6. Village pottery	..	5·00
7. Cottage Match Industry	..	2·00
8. Hand-pounding	..	2·55
9. Hand-made paper	..	2·00
10. Intensive Areas	4 Centres	10·00
11. Marketing Scheme	4 Societies	4·00
Total of Village Industries		77·97

K. Better organisation of tile industry — **Rs. 1 lakh**

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I—(*concld.*)

• Small Scale Industries.

1 Lock manutacture and Blacksmithy
2 Carpentry and Wood Work
3 Toy Making
4 Manufacture of Scientific Instruments
5 Leather Tanning and Manufacture
6 Glazed Pottery and Ceramics
7 Glass Bangles
8 Bell metal Industry
9 Aluminium Utensil Industry
10 Cycle parts Industry
11 Agricultural implements Industry
12 Cutlery
13 Hand Pumps
14 Lacquer Industry
15 Plastic Industry
16 Mechanical Lighters
17 Sand Lime Bricks
18 Abrasive cloth
19 Bath-room fittings Sanitary ware
20 Brushes
21 Bolts and Nuts
22 Buttons-Nut and Plastic
23 Chalk
24 Domestic Porcelain ware
25 Electroplating
26 Paints and Varnishes
27 Fountain Pens
28 Garage equipments
29 Lemon Grass oil Distillation
30 Machine screws
31 Mechanical Toys
32 Metal Polish
33 Optical glass
34 Knives
35 Straw Boards
36 Survey Instruments
37 Tamarind Pectin
38 Umbrella Ribs
39 Essential oils-Vettiver oil
40 Wood Screws
41 Wrapping Brown Paper
42 Stainless Steel Vessels
43 Coconut Pith Boards
44 Stationery Articles like tags, steel nibs, gem clips, pencil cutters and staplers
45 Tapioca Globules
46 Hosiery
47 Litho Printing
48 Hinges
49 Gem cutting and polishing
50 Surgical Instruments
51 Coarse yarn manufacture from Tailorshop cutting waste
52 Hallow Block manufacture
53 Radio components
54 Pencils
55 Clock and time-piece manufacture
56 Iron safe and locks
57 Activated carbon from cocoanut shell
58 Magnesium carbonate and Magnesia from bitterns
59 Glues, gelatine and Ici-glass
60 Mathematical Instruments

LIBRARY ARCHIVES Kerala Legislative Assembly